





>> സംഭാഷണം-1

എം.പി അബ്ദുർറഹ്മാൻ കുരിക്കൾ
ചരിത്രം ഓർക്കുന്നു


# 'ഒടിയന്മാൻ' ഓടിയ വഴി




പള്ളിദർസിൽ പഠിച്ചുകൊണ്ടിരിക്കെ ജമാഅത്തെ ഇസ്‌ലാമിയെ അറിയുകയും പ്രസ്ഥാനത്തിലേക്ക് കടന്നുവരികയും ചെയ്ത ആദ്യ കാല പ്രവർത്തകനാണ് മഞ്ചേരിയിലെ **എം.പി അബ്ദുർറഹ്മാൻ കുരിക്കൾ**. 'ഇസ്‌ലാമത'ത്തിന്റെ ഒന്നാം പതിപ്പ് മലയാളത്തിൽ പുറത്തുവന്ന ഉടൻ വാങ്ങി വായിച്ച് പ്രസ്ഥാന പഠനം ആരംഭിച്ച അദ്ദേഹം, ഹാജി സാഹിബ്, മഞ്ചേരിയിലെ കെ.കെ അലി സാഹിബ് എന്നിവരുമായുള്ള ബന്ധത്തിലൂടെയാണ് പ്രസ്ഥാനത്തിലെത്തിയത്. മഞ്ചേരിയിലും പരിസരപ്രദേശങ്ങളിലും പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിലും വിദ്യാഭ്യാസ സ്ഥാപനങ്ങളും പള്ളികളും ആരംഭിക്കുന്നതിലും പ്രധാന പങ്കു വഹിച്ച കുരിക്കൾ, സംഭവബഹുലമായ ജീവിതത്തിന്റെ ഉടമയാണ്. സയ്യിദ് സുലൈമാൻ നദ്‌വിയുടെ 'ഹസ്രത്ത് ആഇശ' എന്ന കൃതി ഉർദുവിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത കുരിക്കൾ, നല്ല വായനാ ശീലവും ഉർദു ഭാഷ പ്രാവീണ്യവും ചരിത്രജ്ഞാനവും പ്രസ്ഥാന പാണ്ഡിത്യവുമുള്ള വ്യക്തയാണ്. ജമാഅത്തെ ഇസ്‌ലാമി നിരോധിക്കപ്പെട്ട അടിയന്തരാവസ്ഥ കാലത്ത് അദ്ദേഹം ആരംഭിച്ച 'ഹാദി' പബ്ലിക്കേഷൻസ് നിരവധി പുസ്തകങ്ങളും ലഘുലേഖകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏറെയും പ്രസ്ഥാനത്തിനെതിരിലുള്ള വിമർശനങ്ങൾക്ക് വിശദീകരണം നൽകുന്നവയാണ്. ഒട്ടേറെ ചരിത്ര രേഖകളും പഴയ കാല കൃതികളും സൂക്ഷിക്കുന്ന അദ്ദേഹത്തിന്റെ കൈയിൽ വലിയൊരു ചരിത്ര ശേഖരംതന്നെയുണ്ട്. 81-ാം വയസ്സിലും യൗവനം തുടിക്കുന്ന മനസ്സും ചോർന്നു പോകാത്ത പ്രാസ്ഥാനിക ആവേശവുമായി പ്രവർത്തനരംഗത്ത് സജീവനായ അബ്ദുർറഹ്മാൻ കുരിക്കൾ മഞ്ചേരിയുടെയും ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെയും ഓർമകൾ പങ്കുവെക്കുന്നു. തയാറാക്കിയത്: **സ്വദ്റുദ്ദീൻ വാഴക്കാട്**

### ജനനം

**മഞ്ചേരിയിലെ** പ്രസിദ്ധമായ കുരിക്കൾ കുടുംബത്തിൽ 1927-ലാണ് എന്റെ ജനനം. വാപ്പ എം.പി മൊയ്തീൻ കുരിക്കൾ. ഉമ്മ ഖദീജ. വാപ്പ യു.പി സ്കൂൾ അധ്യാപകനായിരുന്നു. എളാപ്പയുമായി സഹകരിച്ച് റോഡ് കോൺട്രാക്ട്, ആശുപത്രി ഉപകരണങ്ങളുടെ വിതരണം എന്നിവയും വാപ്പ നടത്തിയിരുന്നു. എളാപ്പയുടെ മരണത്തോടെയാണ് അത് നിർത്തിയത്. അനേകം ഏക്കർ കൃഷി ഭൂമിയും വാടക കെട്ടിടങ്ങളും ഉണ്ടായിരുന്നു. കൃഷി നടത്തിയിരുന്നത് കുടിയാന്മാരായിരുന്നു. പാട്ടം നിശ്ചയിച്ചാണ് കൃഷി. പുതിയ ഭൂനിയമം വന്നപ്പോൾ കൃഷിഭൂമി മിക്കവാറും കുടിയാന്മാരുടെ കൈയിലായി.



ഒ. അബ്ദുല്ല
മുസ്‌ലിയാർ



കൊരമ്പയിൽ
ഹൈദ്രു സാഹിബ്



വല്ലാഞ്ചിറ
കുഞ്ഞിമോയി ഹാജി



ഒ. വലിയ അബ്ദുർറഹ്മാൻ
മുസ്‌ലിയാർ

## വിദ്യാഭ്യാസം

മഞ്ചേരി മാപ്പിള യു.പി സ്കൂളിലായിരുന്നു എന്റെ പ്രാഥമിക വിദ്യാഭ്യാസം. മുസ്‌ലിം വിദ്യാർഥികൾ കൂടുതലുള്ള സ്കൂളുകളിൽ, സർക്കാർ ശമ്പളത്തിൽ മതം പഠിപ്പിക്കാൻ അധ്യാപകരെ നിയമിക്കാറുണ്ടായിരുന്നു മുമ്പ്. ബ്രിട്ടീഷ് ഭരണകാലത്ത് നിലനിന്നിരുന്ന ഈ രീതി ഇന്ത്യ സ്വാതന്ത്ര്യം നേടിയതിനു ശേഷമാണ് അവസാനിപ്പിച്ചത്. ഒ. അബ്ദുല്ല മുസ്‌ലിയാരായിരുന്നു എന്റെ സ്കൂളിലെ മതാധ്യാപകൻ.

മദ്റസകൾ വളരെ കുറവായിരുന്നു. അന്ന് ദീൻ പഠിപ്പിക്കാൻ മൊല്ലാക്കമാരാണ് ഉണ്ടായിരുന്നത്. മൊല്ലാക്ക വീടുകളിൽ വന്ന് അറബി അക്ഷരങ്ങളും മറ്റും ഒരു പലകയിൽ എഴുതി പഠിപ്പിക്കും. ചില സ്ഥലങ്ങളിൽ ഓത്തുപള്ളികളുമുണ്ടായിരുന്നു. അമ്മജുസുഅ് ഓതാൻ പഠിപ്പിക്കും. അതിന് വർഷങ്ങൾ തന്നെ എടുക്കും.

എന്നാൽ, മഞ്ചേരിയിലെ അവസ്ഥ വ്യത്യസ്തമായിരുന്നു. 'ഹിദായത്തുൽ മുസ്‌ലിമീൻ സഭ'യുടെ നേതൃത്വത്തിൽ ഇവിടെ മദ്റസ പ്രവർത്തിച്ചിരുന്നു. പ്രത്യേക സിലബസും പാഠപുസ്തകങ്ങളും മദ്റസയിലുണ്ടായിരുന്നു. അതിനെക്കുറിച്ച് പിന്നീട് പറയാം. ഞാൻ അഞ്ചാം ക്ലാസ് വരെ മദ്റസയിൽ പഠിച്ചിട്ടുണ്ട്. പിന്നീട് പള്ളിദർസിൽ പഠനം തുടർന്നു.

സ്കൂളിൽ ആറാം ക്ലാസിൽ പഠിക്കുമ്പോൾ എന്റെ ഉമ്മ മരിച്ചു. വലിയ സ്നേഹബന്ധമായിരുന്നു ഞങ്ങൾ തമ്മിൽ. ഉമ്മയുടെ അപ്രതീക്ഷിത മരണം എന്നെ വല്ലാതെ ദുഃഖാകുലനാക്കി. ഞാനെപ്പോഴും മരണത്തെയും പരലോകത്തെയും കുറിച്ച് ചിന്തിക്കാൻ തുടങ്ങി. സ്കൂൾ വിട്ടാലുടൻ ഉമ്മയുടെ ഖബ്റിനടുക്കൽ പോയി കരഞ്ഞിരിക്കും. പള്ളിയിൽ പോയിരുന്ന് ഖുർആനും കിതാബുകളും വായിക്കും.

എട്ടാം ക്ലാസ് കഴിഞ്ഞപ്പോൾ ഉപ്പ എന്നെ ഹൈസ്കൂളിൽ ചേർത്തു. എനിക്ക് സ്കൂളിൽ പോകാനായിരുന്നില്ല, പള്ളിദർസിൽ പഠിക്കാനായിരുന്നു താൽപര്യം. ഏതെങ്കിലുമൊരു പള്ളിദർസിൽ ഓതാൻ പോകണം എന്ന ചിന്തയിലായി ഞാൻ. വാപ്പ സമ്മതിക്കുമായിരുന്നില്ല. ഒരു ദിവസം, പുസ്തകം വാങ്ങാൻ വാപ്പ തന്ന പത്ത് രൂപയുമായി ഞാൻ നാടുവിട്ടു. നല്ലൊരു പള്ളിദർസായിരുന്നു എന്റെ ലക്ഷ്യം. രാവിലെ സ്കൂളിലേക്ക് പുറപ്പെട്ട ഞാൻ ഉച്ചഭക്ഷണം കഴിക്കാൻ വീട്ടിലെത്താത്തതറിഞ്ഞ് എല്ലാവരും എന്നെ അന്വേഷിക്കാൻ തുടങ്ങി. ഞാൻ നടന്നു നടന്ന് ഇരുമ്പുഴി പള്ളിയിലെത്തി. വെള്ളിയാഴ്ചയായിരുന്നു അന്ന്. ജുമുഅ കഴിയും വരെ അവിടെ തങ്ങി. ജുമുഅക്കു ശേഷം ഇമാം എന്നോട് ചോദിച്ചു: കുട്ടി എന്താ ഇവിടെ? 'ഞാൻ പള്ളിദർസിൽ കിതാബോതാൻ വന്നതാണെന്ന്' പറഞ്ഞു. 'ഇത് ശഅ്ബാൻ മാസമാണ്, ദർസുകളൊക്കെ അടക്കുന്ന സമയമാണിപ്പോൾ, റമദാൻ കഴിഞ്ഞ് വന്നാൽ മതി' - അദ്ദേഹം പറഞ്ഞു. എന്നാലും ഞാൻ നാട്ടിലേക്ക് മടങ്ങുന്നില്ലെന്ന് തീരുമാനിച്ചു. അപ്പോഴാണ് യാദൃഛികമായി എന്റെ നാട്ടുകാരൻ അലവിക്കുട്ടി എന്ന ആളെ കണ്ടത്. 'എന്തിനാണ് ഇവിടെ വന്നതെന്ന്' അദ്ദേഹവും അന്വേഷിച്ചു. ഞാൻ എന്റെ ഉദ്ദേശ്യം പറഞ്ഞു. ഇമാം പറഞ്ഞ മറുപടിതന്നെയായിരുന്നു അദ്ദേഹത്തിന്റേതും. 'റമദാനു ശേഷം നല്ലൊരു ദർസിൽ നിന്നെ ചേർക്കാൻ ഞാൻ ഉപ്പയോടു പറയാം' എന്നു പറഞ്ഞ് അദ്ദേഹം എന്നെയും കൂട്ടി മഞ്ചേരിയിലേക്ക് വന്നു.


## പള്ളിദർസിൽ

റമദാനുശേഷം വാപ്പ എന്നെ ഓതാൻ അയച്ചു. ഓവുങ്ങൽ മൊയ്തീൻ മുസ്‌ലിയാരുടെ കൂടെ മേൽമുറി ആലത്തൂർപടി പള്ളിയിലേക്കാണ് അയച്ചത്. അറബിയും ഉർദുവും വൈദ്യവുമൊക്കെ അറിയുന്ന പ്രശസ്ത പണ്ഡിതൻ ഇബ്റാഹീംകുട്ടി മുസ്‌ലിയാരായിരുന്നു അവിടെ മുദർരിസ്. ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമായുടെ പ്രസിഡന്റായിരുന്ന ശിഹാബുദ്ദീൻ മൗലവി(കൊല്ലം), സമസ്തയുടെ നേതാവും *സുന്നിവോയ്സ്* പത്രാധിപരുമായിരുന്ന അമാനത്ത് കായണ്ണി മുസ്‌ലിയാർ (പട്ടിക്കാട്-പെരിന്തൽമണ്ണ), തിരുവന്തപുരത്തുകാരൻ അബ്ദുൽ കരീം മൗലവി തുടങ്ങി പിൽക്കാലത്ത് പ്രഗത്ഭരായിത്തീർന്ന പലരും അവിടെ വിദ്യാർഥികളായിരുന്നു. ഞാൻ അന്ന് *ഫത്ഹുൽ മുഈൻ*, *ജലാലൈനി* തുടങ്ങിയ കിതാബുകളാണ് ഓതിയത്. എല്ലാ വ്യാഴാഴ്ചയും നാട്ടിൽ പോകും. ഒരു വർഷം ഞാൻ ആ പള്ളിദർസിൽ പഠിച്ചു.



പിന്നീട് മുഹമ്മദ് അമാനി മൗലവി മുദർരിസായിരുന്ന മൊറയൂർ ജുമുഅത്ത് പള്ളിയിലെ ദർസിലേക്ക് മാറി. പള്ളിദർസാണെങ്കിലും ആധുനിക അറബിഭാഷയിലായിരുന്നു അമാനി മൗലവി പഠിപ്പിച്ചിരുന്നത്. അന്നത് തികച്ചും പുതുമയുള്ള ഒരു സംഭവമായിരുന്നു. അഫ്ദലുൽ ഉലമാ പരീക്ഷക്ക് ഏഴുതാവുന്ന വിധമായിരുന്നു അവിടത്തെ പഠനം.


അബുസ്സ്വബാഹ് മൗലവിയുടെ 'റൗദത്തുൽ ഉലൂം' മഞ്ചേരിയിൽ തുടങ്ങിയ കാലമായിരുന്നു അത്. ഇന്ന് ഫറോക്ക് കോളേജിൽ സ്ഥിതി ചെയ്യുന്ന റൗദത്തുൽ ഉലൂം അറബിക് കോളേജിന്റെ ആരംഭം മഞ്ചേരിയിലാണ്. അബുസ്സ്വബാഹിന്റെ ക്ഷണമനുസരിച്ച് അമാനി മൗലവി മഞ്ചേരിയിലേക്കു മാറി. പക്ഷേ എന്റെ സ്വന്തം നാട്ടിൽ അമാനി മൗലവിയുടെ ശിഷ്യനായി പഠിക്കാൻ എനിക്ക് കഴിഞ്ഞില്ല. കാരണം, അബുസ്സ്വബാഹിന്റെ റൗദത്തുൽ ഉലൂം അറബിക് കോളേജ് 'വഹാബി സ്ഥാപന'മായാണ് അറിയപ്പെട്ടിരുന്നത്. അവിടെ പഠിക്കാൻ പാടില്ല എന്നതായിരുന്നു യഥാസ്ഥിതികർക്കിടയിലെ പ്രചാരണം.

ആധുനിക അറബി ഭാഷ പഠിക്കാൻ അന്ന് റൗദത്തുൽ ഉലൂമിലാണ് സൗകര്യം ഉണ്ടായിരുന്നത്. കക്ഷി വ്യത്യാസം ഇല്ലാതെ പ്രഗത്ഭ പണ്ഡിതന്മാർ റൗദത്തുൽ ഉലൂമുമായി ബന്ധപ്പെട്ടിരുന്നു. കോഴിക്കോട് വലിയ ഖാദിയായിരുന്ന ശിഹാബുദ്ദീൻ ഇമ്പിച്ചികോയ തങ്ങൾ, കേരള സംസ്ഥാന ജംഇയ്യത്തുൽ ഉലമയുടെ നേതാവായിരുന്ന ആമയൂർ മുഹമ്മദ് മുസ്‌ലിയാർ, ജമാഅത്ത് നേതാക്കളായിരുന്ന ടി. മുഹമ്മദ് സാഹിബ്, അബുൽ ജലാൽ മൗലവി തുടങ്ങിയ പലരും അവിടെ പഠിച്ചിരുന്നു.


1


2

3

4


5


6

*1. അൽ ഹസനാത്തിൽ പ്രസിദ്ധീകരിച്ച കത്ത് (1952) 2. ഹിദായത്തുൽ മുസ്‌ലിമീൻ പാഠപുസ്തകം (1942) 3. ഇസ്‌ലാംമത പാഠങ്ങൾ (1952) 4. മഹല്ലു ഭരണവും നേതാക്കന്മാരും-വി.വി അബ്ദുല്ല സാഹിബ് പെരിഞ്ഞനം (1955) 5. കേരള മുസ്‌ലിം മജ്‌ലിസ് റിപ്പോർട്ട് (1933) 6. മലപ്പുറം ഗവ. ഹയർ എലിമെന്ററി ട്രെയിനിംഗ് സ്‌കൂൾ വിദ്യാർഥി സമാജത്തിന്റെ എട്ടാം വാർഷിക റിപ്പോർട്ട് (1925)*

അമാനി മൗലവി റൗദത്തിലേക്ക് മാറിയപ്പോൾ ഞാൻ വീണ്ടും ഒ. അബ്ദുർറഹ്മാൻ മുസ്‌ലിയാരുടെ കീഴിൽ മഞ്ചേരി പള്ളിദർസിൽ പഠനം തുടർന്നു. പിന്നീട് 1949-ൽ ഞാൻ ഉപരിപഠനാർഥം വെല്ലൂർ ബാഖിയാത്തിലേക്ക് പുറപ്പെട്ടു. മഞ്ചേരി ദർസിൽ എന്റെ കൂടെ പഠിച്ചിരുന്ന ഊരകത്തുകാരൻ ഒ.കെ അബ്ദുർറഹ്മാൻ കുട്ടിയും എന്നോടൊപ്പം ഉണ്ടായിരുന്നു. പ്രഗത്ഭ പണ്ഡിതനായിരുന്ന ഡോ. മുഹ്‌യിദ്ദീൻ ആലുവായ് വെല്ലൂർ ബാഖിയാത്തിലെ വിദ്യാർഥിയായിരുന്നു അന്ന്. പക്ഷേ, എനിക്ക് ബാഖിയാത്തിൽ പ്രവേശനം കിട്ടിയില്ല. ഒ.കെ വെല്ലൂരിൽ തന്നെയുള്ള ലത്വീഫിയ്യയിൽ ചേർന്നു. ഞാൻ ഉമറാബാദിലേക്ക് പുറപ്പെട്ടു. ദാറുൽ ഉലൂമിൽ ചേരലായിരുന്നു ലക്ഷ്യം. പിൽക്കാലത്ത് ജമാഅത്തെ ഇസ്‌ലാമി നേതാക്കളായി മാറിയ കെ. മൊയ്തു മൗലവി, എ.കെ അബ്ദുൽ ഖാദിർ മൗലവി തുടങ്ങിയവർ അന്നവിടെ വിദ്യാർഥികളായിരുന്നു. എനിക്ക് അവിടെ അഡ്മിഷൻ കിട്ടാൻ വേണ്ടി അവർ ശ്രമിച്ചു. പക്ഷേ, വിജയിച്ചില്ല. ഞാൻ മദ്രാസിലെ ജമാലിയാ കോളേജിലേക്ക് പുറപ്പെട്ടു. അവിടെ പ്രവേശനം ലഭിച്ചു. 1949 ഒക്ടോബർ 31 ആയിരുന്നു അത്. ഇബ്‌റാഹീം ഹസ്രത്ത്, യൂസുഫ് ഹസ്രത്ത് എന്നിവരായിരുന്നു എന്റെ ഗുരുനാഥന്മാർ. 1950-ൽ, അടുത്ത അധ്യയന വർഷം ഞാൻ വെല്ലൂർ ലത്വീഫിയ്യയിൽ ചേർന്നു. മലയാളിയായ അലവി മൗലവിയായിരുന്നു അവിടെ പ്രധാന അധ്യാപകൻ. കുട്ടികൾ കുറവായിരുന്നു. അതുകൊണ്ട് പല വിഷയങ്ങളും സൗകര്യം പോലെ ഉസ്താദിനോട് നേരിട്ട് ചോദിച്ചു പഠിക്കാൻ അവസരം കിട്ടി. ഉർദു ഭാഷ പഠിക്കാൻ പേർഷ്യൻ ഭാഷയിലും അറിവ് ആവശ്യമാണ്. അതിനും അവിടെ സൗകര്യം ഉണ്ടായിരുന്നു. സ്വഹീഹ് ബുഖാരിയുടെ ക്ലാസ്സിൽ ഉർദു ഭാഷയാണ് ഉപയോഗിച്ചിരുന്നത്. അതും ഉർദു ഭാഷാ പഠനത്തിന് സഹായകമായി. 1952-ൽ പഠനം നിർത്തി ഞാൻ നാട്ടിൽ തിരിച്ചെത്തി.

## വിവാഹജീവിതം

ആലത്തൂർപടി പള്ളിയിൽ പഠിച്ചുകൊണ്ടിരുന്നപ്പോഴാണ് എന്റെ വിവാഹം നടന്നത്. ഒരു ദിവസം ഉപ്പ പറഞ്ഞയച്ചതനുസരിച്ച് ഒരാൾ പള്ളിദർസിൽ വന്ന് എനിക്കു വേണ്ടി കോട്ടിന്റെ അളവെടുത്തു. 'എന്തിനാണിപ്പോൾ കോട്ട്' എന്ന് ചോദിച്ചപ്പോൾ 'നിന്റെ നിക്കാഹ് നിശ്ചയിച്ചിരിക്കുന്നു' എന്ന മറുപടിയാണ് കിട്ടിയത്. അപ്പോഴാണ് എനിക്കുവേണ്ടി പെണ്ണിനെ തീരുമാനിച്ചതും കല്യാണം നിശ്ചയിച്ചതും ഞാൻ അറിഞ്ഞത്! അങ്ങനെ ഞാനറിയാതെ എന്റെ വിവാഹം നടന്നുവെന്നു പറയാം. അക്കാലത്ത് അങ്ങനെയായിരുന്നു പതിവ്.


വിവാഹസദസ്സിൽ ദർസ് വിദ്യാർഥികൾ സുദീർഘമായ ഒരു അറബി കവിത ചൊല്ലിയിരുന്നു. 'മംഗളപത്രം' അറബിയിൽ കവിതാ രൂപത്തിൽ അവതരിപ്പിച്ചതാണ്. ഇടവ പ്രസ്സിൽ അച്ചടിച്ചതായിരുന്നു കവിത. അന്നത്തെ മഞ്ചേരി ഖാദി ഒ. ചെറിയ അബ്ദുർറഹ്മാൻ മുസ്‌ലിയാർ കവിത മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. ആരാണ് അറബിക്കവിത എഴുതിയതെന്നു ഞാൻ അന്വേഷിച്ചു. ദർസിൽ എന്റെ സീനിയറായി പഠിച്ചിരുന്ന അമാനത്ത് കോയണ്ണി മുസ്‌ലിയാരുടെ ജ്യേഷ്ഠൻ മുഹമ്മദ് അമാനി മൗലവിയാണ് കവിത രചിച്ചത്. ഞാൻ പിന്നീട് അമാനി മൗലവിയുടെ അടുത്ത് ഓതാൻ പോകാനുള്ള കാരണവും ഈ അറബിക്കവിതയാണ്.

എനിക്ക് എല്ലാ അർഥത്തിലും യോജിച്ചവളായിരുന്നു എന്റെ ഇണ. എന്റെ പഠനത്തിനും പ്രസ്ഥാന പ്രവർത്തനത്തിനും അവൾ പൂർണമായി സഹകരിക്കുകയും സഹായ സഹകരണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. വിവാഹത്തിനു ശേഷവും ഞാൻ പള്ളിദർസിൽ പഠിച്ചു. എന്റെ ഭാര്യക്കും പഠനത്തിൽ താൽപര്യമായിരുന്നു. ഞാൻ വീട്ടിൽ വെച്ച് അവർക്ക് *ബുലൂഗുൽ മറാമും* മറ്റു ചില പുസ്തകങ്ങളും പഠിപ്പിച്ചിരുന്നു. എന്റെ ആദ്യത്തെ മകൻ ജനിച്ചതിനു ശേഷമാണ് ഞാൻ ഉപരിപഠനത്തിന് വെല്ലൂരിലേക്ക് പോകുന്നത്.

ചെറിയ കുട്ടിയുള്ള ഞാൻ പഠിക്കാൻ പോകുന്നത് വാപ്പക്ക് ഇഷ്ടമായിരുന്നില്ല. വാപ്പ എതിർക്കുമെന്ന് മനസ്സിലാക്കിയ ഞാൻ അദ്ദേഹത്തെ അറിയിക്കാതെ, ഭാര്യയോട് പറഞ്ഞ് സമ്മതം വാങ്ങിയാണ് പഠിക്കാൻ പോയത്. അവൾക്കതിൽ എതിർപ്പുണ്ടായിരുന്നില്ല. അക്കാലത്ത് ഫോണില്ല. തപാലിൽ എത്തുന്ന കത്തുകൾ മാത്രമാണ് വാർത്തകളറിയാനുള്ള വഴി. ഞാൻ ഇടക്കിടെ അവൾക്ക് കത്തെഴുതും.


ആദ്യത്തെ കത്തിൽ, മൂസാ നബി സഹധർമിണിയെയും കൂട്ടി സീനായ് പർവതത്തിലൂടെ ഇരുട്ടിൽ നടന്നു പോകുമ്പോൾ ദൂരെ നിന്ന് കാണാനിടയായ വെളിച്ചത്തിന്റെ കഥയാണ് എഴുതിയിരുന്നത്. "അന്നേരം മൂസാ പത്നിയോട് പറഞ്ഞു. നീ ഇവിടെ നിൽക്കൂ. ഞാനൊരു തീ കണ്ടിരിക്കുന്നു. ഞാൻ അതിൽനിന്ന് വെളിച്ചം കത്തിച്ചെടുത്ത് നിന്റെ അടുത്തേക്ക് വരാം. അല്ലെങ്കിൽ തീയിന്റെ അടുത്ത് വല്ല വെളിച്ചവും കണ്ടേക്കാം (ത്വാഹാ). ഇതാണ് എനിക്ക് എന്റെ പ്രിയപ്പെട്ടവ















*1. ഹിദായത്തുൽ മുസ്‌ലിമീൻ സഭ റിപ്പോർട്ട് (1947) 2. ഹിദായത്തുൽ മുസ്‌ലിമീൻ സഭ-ചരിത്ര സംക്ഷേപം (1946) 3. ഹിദായത്തുൽ മുസ്‌ലിമീൻ സഭ 111-ാം വാർഷിക റിപ്പോർട്ട് (2008 ഏപ്രിൽ) 4. തർബിയത്തുൽ ഇസ്‌ലാം സഭ റിപ്പോർട്ട് (1939) 5. വളപട്ടണം ദേശീയ മുസ്‌ലിം വിദ്യാലയം-ലഘു പത്രിക (1924) 6. മുസ്‌ലിം ഐക്യ സംഘം, നിയമാവലി*

ളോടും പറയാനുള്ളത്. നിന്നെ നാട്ടിലെ ഇരുട്ടിൽ താമസിപ്പിച്ച് ഞാൻ വെളിച്ചം തേടി ഇവിടെ വന്നിരിക്കുകയാണ്. ഇൻശാ അല്ലാഹ്, ഇവിടെനിന്ന് നമ്മുടെ ജീവിതത്തിലുടനീളം വെളിച്ചം ലഭിക്കാനുതകുന്ന അറിവുകൾ സമ്പാദിച്ചു വരാം. പിന്നെ നാം ഇരുവർക്കും ആ വെളിച്ചം പ്രയോജനപ്പെടുത്താം."

1952-ൽ എനിക്ക് രണ്ടാമത്തെ കുട്ടി പിറന്നപ്പോഴും ഞാൻ വിദ്യാർഥിയായിരുന്നു. പഠനം നിർത്താൻ പലരും നിർബന്ധിച്ചു. അങ്ങനെ 1953-ൽ പഠനം അവസാനിപ്പിച്ചു. 300 രൂപ മുതൽമുടക്കിൽ ഒരു ചെറിയ കച്ചവടം തുടങ്ങി. പിന്നീട് ഇതുവരെ കച്ചവടമാണ് ഉപജീവന മാർഗം.

പഠനത്തിൽ താൽപര്യമുണ്ടായിരുന്ന ഭാര്യക്ക് ഞാൻ വീട്ടിൽ വെച്ച് അറബി-ഉർദു ഭാഷകൾ പഠിപ്പിച്ചിരുന്നു. ഉർദു അവർ നന്നായി പഠിച്ചിരുന്നു. *അൽഹസനാത്ത്* എന്ന ഉർദു മാസികയിൽ അവളുടെ ഒരു ഫുൾപേജ് കത്ത് അച്ചടിച്ചുവരികയുണ്ടായി. ഹാജി സാഹിബ് റാംപൂരിൽ ചെന്നപ്പോൾ *അൽഹസനാത്തി*ന്റെ പ്രവർത്തകർ മലബാറിലെ ഫാത്വിമയെയും അബ്ദുർറഹ്മാനെയും കുറിച്ച് ചോദിച്ചു. അവർ ജമാഅത്ത് പ്രവർത്തകരാണെന്ന് ഹാജി സാഹിബ് മറുപടിയും പറഞ്ഞു. ഈ വിവരം ഹൈദരാബാദ് യാത്ര കഴിഞ്ഞ് മഞ്ചേരിയിലെത്തിയപ്പോൾ ഹാജി സാഹിബ് തന്നെയാണ് എന്നോടു പറഞ്ഞത്.

1952-ലാണ് എന്റെ ആദ്യത്തെ ഹൈദരാബാദ് യാത്ര. ഹൈദരാബാദിൽ നടക്കുന്ന ജമാഅത്തെ ഇസ്‌ലാമി രണ്ടാം അഖിലേന്ത്യാ വാർഷിക യോഗത്തിൽ പങ്കെടുക്കലായിരുന്നു ലക്ഷ്യം. ഹാജി സാഹിബ് പറഞ്ഞതനുസരിച്ചാണ് യാത്ര തീരുമാനിച്ചത്. എനിക്ക് ജോലിയില്ല, കൈയിൽ പണവുമില്ല. സഹപ്രവർത്തകർ പരിവെടുത്ത് കുറച്ച് കാശ് തന്നു. എന്നിട്ടും തികഞ്ഞില്ല. ഞാൻ ഭാര്യയോട് പറഞ്ഞു: 'ഹൈദരാബാദ് സമ്മേളനത്തിന് പോകാൻ കുറച്ചു കാശു കൂടി തരണം, നീ എന്നെ സഹായിക്കുമോ?' യാതൊരു മടിയുമില്ലാതെ അവൾ കാതിലിട്ട ചിറ്റ് അഴിച്ചുതന്നു. 'കല്യാണം കഴിഞ്ഞു, രണ്ടു കുട്ടികളുമായി, ജോലിയൊന്നുമില്ല എന്നിട്ടും സമ്മേളനം, പരിപാടി എന്നൊക്കെ പറഞ്ഞ് നടക്കുകയാണോ' എന്ന് അവൾ ചോദിച്ചില്ല. ഇസ്‌ലാമിക പ്രവർത്തനത്തിൽ അത്രയും താൽപര്യമുണ്ടായിരുന്നു അവൾക്ക്.

വിവാഹം കഴിയുന്ന സമയത്ത് കുറേയേറെ ചിറ്റുകളുണ്ടായിരുന്നു അവളുടെ കാതിൽ. ഒരിക്കൽ അതെല്ലാം അഴിച്ചുവെച്ചു. കമ്മൽ മാത്രം മതിയെന്ന് അവൾ തീരുമാനിച്ചു. അസുഖം വന്ന ഒരു ഘട്ടത്തിൽ അഴിച്ചുവെച്ച ചിറ്റുകളെല്ലാം ദാനം ചെയ്യാമെന്ന് അവൾ പറഞ്ഞു. 'ഏതുവഴിക്ക് ചെലവഴിക്കണമെന്ന് ഞാൻ പറയാം' എന്നു പറഞ്ഞ് അതൊക്കെ എടുത്തുവെച്ചു. അക്കാലത്ത് ശാന്തപുരം ഇസ്‌ലാമിയാ കോളേജ് വലിയ സാമ്പത്തിക പ്രയാസത്തോടെയായിരുന്നു മുന്നോട്ടു പോയിരുന്നത്. പല സ്ഥലങ്ങളിൽനിന്നും മാസാന്തം വരിസംഖ്യ ശേഖരിച്ചിരുന്നു. വരിസംഖ്യ കിട്ടുമ്പോഴാണ് പീടികയിലെ പറ്റ് തീർക്കുക. ശഅ്ബാൻ പതിനഞ്ചിന് അടക്കേണ്ട കോളേജ് പണമില്ലാത്തതു കാരണം ശഅ്ബാൻ ഒന്നിനു തന്നെ അടച്ച സംഭവങ്ങളുണ്ട്. പിന്നീട് റമദാനിലെ പിരിവു കഴിഞ്ഞ് കിട്ടുന്ന പണം കൊടുത്ത് പീടികയിലെ കടം വീട്ടിയ ശേഷമേ സാധനങ്ങൾ വാങ്ങാൻ പറ്റുമായിരുന്നുള്ളൂ. ഞാൻ ഭാര്യയോട് പറഞ്ഞു: 'നിന്റെ ചിറ്റുകളെല്ലാം നമുക്ക് ശാന്തപുരം കോളേജിന് കൊടുക്കാം'. അവൾക്ക് സമ്മതമായിരുന്നു.

1983-ൽ ഞാൻ ഭാര്യയെയും നാലു കുട്ടികളെയും കൂട്ടി ഹൈദരാബാദ് യാത്ര നടത്തി. ഇപ്പോൾ അവൾ രോഗിയായി കിടപ്പിലാണ്.

## ഹിദായത്തുൽ മുസ്‌ലിമീൻ സഭ

മഞ്ചേരിയിലെയും പരിസര പ്രദേശങ്ങളിലെയും മുസ്‌ലിംകൾ ചേർന്ന് 1897 ജൂൺ മൂന്നിന് (ഹിജ്റ 115 മുഹർറം 1) രൂപീകരിച്ച വേദിയാണ് 'ഹിദായത്തുൽ മുസ്‌ലിമീൻ സഭ'.

നൂറ്റിപ്പതിനൊന്ന് വർഷങ്ങൾക്കു മുമ്പ് 'സഭ' ഒരു വലിയ വിപ്ലവം തന്നെയായിരുന്നു. അക്കാലത്തെ നാടിന്റെയും ജനങ്ങളുടെയും അവസ്ഥ വെച്ചു നോക്കുമ്പോൾ സഭയുടെ പുരോഗമനാത്മക പ്രവർത്തനങ്ങൾ വലിയ സംഭവമായി കാണണം. മഞ്ചേരിയിൽ അന്ന് റോഡും ബസും മെച്ചപ്പെട്ട കെട്ടിടങ്ങളും ഒന്നും ഉണ്ടായിരുന്നില്ല. പുല്ലു മേഞ്ഞ ചെറിയ വീടുകൾ, കുറേ മരങ്ങൾ, കാള വണ്ടി... വിദ്യാഭ്യാസം കുറവ്, അന്ധവിശ്വാസം കൂടുതൽ. രാത്രിയായാൽ റോഡ് നിറയെ 'ജിന്നുകളും ഒടിയന്മാരും'. അവരെ പേടിച്ച് ഇശാ കഴിഞ്ഞാൽ ആരും പുറത്തിറങ്ങില്ല. 1943-ൽ നാട്ടിൽ പരക്കെ കോളറ പടർന്നുപിടിച്ചു. അത് 'തലമട്ടത്ത് ശൈത്താൻ' ആണെന്നായിരുന്നു വിശ്വാസം. അഞ്ചു നേരവും നമസ്കാരങ്ങളിൽ 'നാസിലത്തിന്റെ ഖുനൂത്ത്' നടന്നു. ചിലർ 'കുത്ത്റാത്തീബും കുത്ത്ബിയ്യത്തും' സംഘടിപ്പിച്ചു. ഉൽബുദ്ധരായ മഞ്ചേരിയിലെ പൊതു പ്രവർത്തകർ പക്ഷേ, പട്ടിണി നിർമാർജനമാണ് കോളറക്കുള്ള പരിഹാരമെന്ന് പ്രഖ്യാപിച്ചു. ജുമുഅക്കു ശേഷം മഹല്ല് നിവാസികളോട് സഹായമഭ്യർഥിച്ചു. അരിച്ചാക്കുകൾ

സംഭാവനയായി ലഭിച്ചു. കോഴിക്കോട് റോഡിൽ ഒരു സൗജന്യ റേഷൻ ഷാപ്പ് തുറന്നു. മാസങ്ങളോളം അത് പ്രവർത്തിച്ചു. അരി വാങ്ങാൻ കഴിയാതെ പട്ടിണി കിടന്നിരുന്ന മഹല്ലിലെ എല്ലാ വീടുകളിലും വയർ നിറഞ്ഞു. അതോടെ 'തലമട്ടത്ത് ശൈത്താൻ' ഓടിപ്പോയി. വൈദ്യുതി വന്നതോടെ 'ഒടിയന്മാർ' ഓടിമറഞ്ഞു.

മഞ്ചേരിയിലെ ഇസ്‌ലാമിക പ്രവർത്തനത്തിന്റെയും മഞ്ചേരി മഹല്ലിന്റെയും ചരിത്രം ആരംഭിക്കുന്നത് സഭാ രൂപീകരണത്തോടെയാണ്. മുസ്‌ലിം സമൂഹത്തിന്റെ വിദ്യാഭ്യാസ പുരോഗതി, ദീനീവളർച്ച, സാമ്പത്തിക അഭിവൃദ്ധി, പള്ളി നിർമാണം, ദീനീ ചടങ്ങുകളുടെ നടത്തിപ്പ് തുടങ്ങിയവ സഭയുടെ ലക്ഷ്യങ്ങളായിരുന്നു. മഞ്ചേരിയിലെ സംഘടിത ദീനീ പ്രവർത്തനത്തിന്റെ തുടക്കമായിരുന്നു 'സഭ'. മഞ്ചേരിയിൽ മാത്രം പരിമിതമായിരുന്നില്ല സഭയുടെ പ്രവർത്തനങ്ങൾ. ഏറനാട്, വള്ളുവനാട് താലൂക്കുകൾ സഭയുടെ പ്രവർത്തന പരിധിയിൽ വന്നിരുന്നു.

കേരളത്തിൽ, വ്യവസ്ഥാപിത ദീനീ പ്രവർത്തന വേദിയെന്ന നിലക്ക് ആദ്യം രൂപംകൊണ്ടവയിൽ സഭക്ക് പ്രമുഖ സ്ഥാനമുണ്ട്. പൊന്നാനി മഊനത്തുൽ ഇസ്‌ലാം സഭ, കണ്ണൂർ ദീനുൽ ഇസ്‌ലാം സഭ, തലശ്ശേരി കേരള മുസ്‌ലിം മജ്‌ലിസ്, കോഴിക്കോട് തർബിയത്തുൽ ഇസ്‌ലാം സഭ തുടങ്ങിയവയെല്ലാം പിന്നീടുണ്ടായവയാണ്. 1900-ൽ ആണ് പൊന്നാനി മഊനത്ത് സ്ഥാപിതമായത്. 1931-ൽ രൂപീകരിച്ച കേരള മുസ്‌ലിം ജമാഅത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു: "കേരളത്തിലെ പള്ളി ജമാഅത്തുകളെ സംഘടിപ്പിച്ച് ഏകീകരിച്ചുകൊണ്ട് വിദ്യാഭ്യാസം, സന്മാർഗ നിഷ്ഠ, സാമ്പത്തിക പുരോഗതി, പൗരാവകാശ സംരക്ഷണം, സകാത്ത് -വഖ്ഫ് മുതലായ പൊതു സ്ഥാപനങ്ങളെ മതാനുസൃതമായി നിയന്ത്രിക്കൽ". ഇതേ ലക്ഷ്യത്തോടെ മഞ്ചേരിയിൽ സഭ 1897 -ൽ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. മഞ്ചേരി സഭയുടെ പ്രതിനിധിയായി സഭാ ഖജാഞ്ചി ഖാൻ ബഹദൂർ വി. കുഞ്ഞിമോയി ഹാജി മുസ്‌ലിം ജമാഅത്തിൽ അംഗമായിരുന്നു. കേരള മുസ്‌ലിം ഐക്യ സംഘം 1922-ൽ രൂപീകരിക്കപ്പെട്ടപ്പോഴും സഭാ ഭാരവാഹികൾ അതിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടുണ്ട്. സഭാ ഖജാഞ്ചി കുഞ്ഞിമോയിൻ ഹാജി ഐക്യസംഘം യോഗങ്ങളിൽ പങ്കെടുക്കാറുണ്ടായിരുന്നു. പൊന്നാനി, തലശ്ശേരി തുടങ്ങിയ സ്ഥലങ്ങളിലെ സംഘടനകളിലും അദ്ദേഹം സഹകരിച്ചു പ്രവർത്തിച്ചിരുന്നു.

മഞ്ചേരിയിൽ പള്ളിയോ മദ്റസയോ പറയത്തക്ക ദീനീ ചലനങ്ങളോ ഒന്നും ഉണ്ടായിരുന്നില്ല. പള്ളി ഉണ്ടാക്കുന്നതിനോട് ഹിന്ദു ജന്മിമാർക്ക് ശക്തമായ എതിർപ്പായിരുന്നു. പള്ളിയില്ലാത്തതു കാരണം മഞ്ചേരിയിലെ മുസ്‌ലിംകൾ നമസ്കരിക്കാൻ പയ്യനാട്ടേക്കു പോകും. മേലാക്കത്ത് പള്ളി ഉണ്ടായപ്പോൾ പിന്നെ അവിടേക്കായി പോക്ക്. മദ്രാസ് ഗവൺമെന്റിൽ നിവേദനം നൽകി, അനുവാദം വാങ്ങി ഹിന്ദു ജന്മിമാരുടെ എതിർപ്പുകൾ മറികടന്നാണ് മഞ്ചേരിയിൽ പള്ളി പണിതത്. മദ്രാസ് ഗവർണർ 1902/407-ാം നമ്പർ ജി.ഒ ആയാണ് അനുവാദം നൽകിയത്. മഞ്ചേരിയിലും കച്ചേരിപ്പടിയിലും രണ്ടു പള്ളികൾ പണിയാനായിരുന്നു അനുവാദം.

1907-ലാണ് മഞ്ചേരി പള്ളിക്ക് തുടക്കം കുറിച്ചത്. കൊരമ്പയിൽ മമ്മദ് ഹാജി, കൊർമത്ത് കോമു ഹാജി തുടങ്ങിയവരായിരുന്നു അതിന് നേതൃത്വം നൽകിയത്. മഞ്ചേരിയിൽ വ്യവസ്ഥാപിതമായി മദ്റസ ആരംഭിക്കുന്നതും സഭയുടെ നേതൃത്വത്തിലാണ്. അറബിമലയാളത്തിലും മലയാള ഭാഷയിലും മദ്റസാ പാഠപുസ്തകങ്ങൾ രചിച്ചു. സഭാ മാനേജറായിരുന്ന കൊരമ്പയിൽ ഹൈദ്രു സാഹിബ്, ഖജാഞ്ചി കുഞ്ഞിമോയിൻ സാഹിബ് എന്നിവരാണ് പുസ്തകങ്ങൾ രചിച്ചത്. മഞ്ചേരിയിലെ പൗര പ്രമുഖനായിരുന്നു വല്ലാഞ്ചിറ കുഞ്ഞിമോയിൻ ഹാജി. ഡിസ്ട്രിക് ബോർഡ് മെമ്പറും താലൂക്ക് ബോർഡ് പ്രസിഡന്റും ആയിരുന്നു അദ്ദേഹം. പഞ്ചായത്ത് കോടതി ജഡ്ജിയായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. 1919 മുതൽ 1948 വരെ സഭയുടെ ട്രഷററായിരുന്നു അദ്ദേഹം. കേരള മുസ്‌ലിം മജ്‌ലിസിന്റെ ഭരണസമിതിയംഗവുമായിരുന്നു അദ്ദേഹം. പിതാവ് വല്ലാഞ്ചിറ മൊയ്തീൻ കുട്ടി ഹാജിയും സഹോദരൻ കുഞ്ഞിമുഹമ്മദ് സാഹിബും പേരുകേട്ട മാപ്പിള കവികളാണ്. കേരളത്തിലെ എല്ലാ അറബിമലയാളം-മലയാളം പത്രമാസികകളും പ്രസിദ്ധീകരണങ്ങളും വരുത്തി വായിക്കുകയും സൂക്ഷിക്കുകയും ചെയ്തിരുന്നു അദ്ദേഹം. കുഞ്ഞിമോയിൻ ഹാജിയുടെ ലൈബ്രറിയിൽ ഇസ്‌ലാമിക കൃതികൾ മാത്രമായിരുന്നില്ല ഉണ്ടായിരുന്നത്. ആര്യസമാജക്കാരുടെയും ക്രിസ്തുമതത്തിന്റെയും പുസ്തകങ്ങളും അദ്ദേഹം സൂക്ഷിച്ചിരുന്നു. ഇദ്ദേഹത്തെ പോലുള്ളവരൊന്നും പക്ഷേ, കേരളീയ മുസ്‌ലിം ചരിത്രത്തിൽ എവിടെയും രേഖപ്പെടുത്തപ്പെടാതെ പോയി എന്നാണ് തോന്നുന്നത്.

ബോർഡും ചോക്കും പാഠപുസ്തകങ്ങളും ക്ലാസ് റൂമും സമുദായം അംഗീകരിക്കാത്ത പുത്തനാശയമായിരുന്നു അന്ന്. സ്ത്രീകൾക്ക് എഴുത്ത് പഠിപ്പിക്കുന്നത് ഹലാലോ ഹറാമോ എന്ന ചർച്ച അക്ഷരാർഥത്തിൽ തന്നെ പണ്ഡിതന്മാർക്കിടയിൽ നടന്നിരുന്നു. സ്ത്രീകൾക്ക് കൈയെഴുത്ത് പാടില്ലെന്ന് യഥാസ്ഥിതിക പണ്ഡിതന്മാർ ഫത്‌വ ഇറക്കിയ സംഭവം അൽപം മുമ്പു വരെ ഉണ്ടായിട്ടുണ്ട്. കെ.കെ സ്വദഖത്തുല്ല മൗലവിയുടെ 1971 മുതൽ 1974 വരെയുള്ള ഫത്‌വകളുടെ സമാഹാരമാണ് 'ഫതാവാ നുസ്റത്തുൽ അനാം'. അതിൽ സ്ത്രീകളുടെ കൈയെഴുത്തിനെക്കുറിച്ചുള്ള ഒരു ചോദ്യത്തിന് നൽകിയ ഉത്തരം കാണുക: "സ്ത്രീകൾക്ക് എഴുതാൻ പഠിപ്പിക്കുന്നതിനാൽ പല അനിഷ്ടസംഭവങ്ങളും വന്നു ചേരാവുന്നതുകൊണ്ട് അതു നല്ലതല്ലെന്നാണ് സമസ്തയുടെ വാദം. ആധുനിക സമസ്ത അത് ഹറാമാക്കീട്ടുണ്ടോ എന്ന് അറിഞ്ഞുകൂട. റസൂൽ(സ)ന് എഴുതാൻ അറിയാത്തതിനാൽ അല്ലാഹുവിന്റെ ആ ഔദാര്യം റസൂലിന് തടയപ്പെട്ടതുകൊണ്ട് പ്രബോധനത്തിന്റെ വീക്ഷണത്തിൽ റസൂൽ(സ) മനുഷ്യനല്ലായിരിക്കാം. റസൂൽ(സ)ന് അതു തടയപ്പെടാൻ വല്ല കാരണവും പറയാനുണ്ടെങ്കിൽ സ്ത്രീകൾക്ക് അതു തടയപ്പെടാനും കാരണങ്ങൾ പറായനുണ്ട്. ലുഖ്മാനുൽഹകീം സ്ത്രീകളുടെ ഒരു പള്ളിക്കൂടത്തിന്നരികെ നടന്നു പോകുമ്പോൾ ഒരു കല്ലിന്മേൽവെച്ച് തന്റെ വാൾ അണക്കുകയും ശർറിന് ശർറ് പഠിപ്പിക്കരുതെന്ന് പറയുകയും ചെയ്ത ചരിത്രം സ്മരണീയമാണ്" (പേജ് 122,123).

'മദ്റസയുടെ മീമും ജഹന്നമിന്റെ മീമും ഒന്നാണ് ചങ്ങാതീ' തുടങ്ങിയ പാട്ടുകൾ അന്ന് പലരും പാടി നടന്നിരുന്നു. 'ശുദ്ധമലയാളത്തിൽ സംസാരിക്കുന്നത് തെറ്റ്, പെൺകുട്ടികൾ എഴുത്ത് പഠിക്കുന്നത് ഹറാം, ബോർഡിൽ ചോക്കുകൊണ്ട് ഖുർആൻ എഴുതരുത്, സ്കൂളുകളുടെ രീതിയിൽ ക്ലാസ് റൂമും ബെഞ്ചും ഡസ്കും പിരീഡും എല്ലാം വെച്ച് ക്ലാസ് നടത്തരുത്' തുടങ്ങിയ പാരമ്പര്യ വാദങ്ങളും അന്ന് സമുദായത്തിലുണ്ടായിരുന്നു. ഇതൊന്നും അതിശയോക്തി കലർന്ന വിവരണങ്ങളല്ല. ഞങ്ങളുടെ അനുഭവമാണ്. യാഥാസ്ഥിതികർ കെട്ടി ഉയർത്തിയ ഇത്തരം പാരമ്പര്യ ധാരണകളെയാണ് 'സഭ' മറികടന്നത്. മഞ്ചേരിയിൽ മാത്രമല്ല പരിസരങ്ങളിൽ പലയിടങ്ങളിലും 'സഭ'യുടെ പാഠപുസ്തകങ്ങൾ ഉപയോഗിച്ച് മദ്റസകൾ നടന്നി

രുന്നു.

ഹിദായത്തുൽ മുസ്‌ലിമീൻ സഭ തയാറാക്കിയ മദ്റസാ പാഠപുസ്തകങ്ങൾക്ക് ബ്രിട്ടീഷ് ഗവൺമെന്റിന്റെ അംഗീകാരവും ലഭിച്ചിരുന്നു. സ്കൂളുകളിൽ മതം പഠിപ്പിക്കാനുള്ള പാഠപുസ്തകങ്ങളായി സഭാ പുസ്തകങ്ങൾ അംഗീകരിക്കപ്പെട്ടിരുന്നു. സ്കൂളുകൾക്കാവശ്യമായ പുസ്തകങ്ങൾ രചിച്ചത് വല്ലാഞ്ചിറ കുഞ്ഞിമോയി ഹാജിയാണ്. മദ്റസകളിലേക്ക് വേണ്ട ദീനിയാത്തും അമലിയാത്തും പോലുള്ള പുസ്തകങ്ങൾ കൊരമ്പയിൽ ഹൈദ്രു സാഹിബും തയാറാക്കി. ഈ പാഠപുസ്തകങ്ങളുടെ സ്വാധീനം വളരെ വലുതായിരുന്നു. കേരളത്തിലാകട്ടെ ഇത് തികച്ചും പുതിയ അനുഭവവുമായിരുന്നു. കേരളത്തിലെ മതവിദ്യാഭ്യാസ ചരിത്രം പറയുമ്പോൾ ചാലിലകത്തിനെക്കുറിച്ചും മറ്റും മാത്രമാണ് കേൾക്കാറുള്ളത്. മഞ്ചേരിക്ക് ഇങ്ങനെയൊരു ചരിത്രമുള്ള കാര്യം പലർക്കും അറിയില്ല. സ്കൂളിലെ മുസ്‌ലിം അധ്യാപകർ സ്കൂളിൽ നടത്തിയിരുന്ന ദർസിൽ ഒരു ലൈബ്രറിയുണ്ടായിരുന്നു. അതിൽ തഫ്സീറുർറാസി പോലുള്ള വലിയ കിതാബുകൾ ഉണ്ടായിരുന്നു.

പള്ളിയും മദ്റസയും ആരംഭിക്കൽ മാത്രമായിരുന്നില്ല സഭയുടെ ലക്ഷ്യം. മഞ്ചേരിയിലെയും പരിസര പ്രദേശങ്ങളിലെയും ജനങ്ങളുടെ ധാർമിക വളർച്ച, മുസ്‌ലിംകളുടെ വിദ്യാഭ്യാസ പുരോഗതി, ഇസ്‌ലാം സ്വീകരിക്കുന്നവർക്കുള്ള പഠന സൗകര്യവും സംരക്ഷണവും സഭയുടെ പ്രവർത്തനങ്ങളിൽവന്നു. ലൈബ്രറി- അന്ന് കുതുബ്ഖാന എന്നു പേർ പറഞ്ഞു-വായനശാല, വയോജന ക്ലാസ്, നിശാ പാഠശാല, പുസ്തക പ്രസാധനം തുടങ്ങിയ ബഹുമുഖ പ്രവർത്തനങ്ങൾക്ക് 'സഭ' നേതൃത്വം കൊടുത്തു.

1947-ൽ മുസ്‌ലിം സ്ത്രീകൾ മാത്രം പങ്കെടുക്കുകയും സ്ത്രീകൾ പ്രസംഗിക്കുകയും ചെയ്ത ഒരു വനിതാ സമ്മേളനം ഹിദായത്തുൽ മുസ്‌ലിമീൻ സഭ സംഘടിപ്പിച്ചിരുന്നു. പെൺകുട്ടികൾക്ക് എഴുത്തും വായനയും ഹറാമെന്ന് പ്രചരിപ്പിച്ച കാലത്ത് സഭയുടെ വിദ്യാലയങ്ങളിൽ പഠിക്കുന്ന പെൺകുട്ടികൾ പഠനത്തിൽ മികച്ചുനിൽക്കുകയും കൈയെഴുത്തിൽ ഉയർന്ന മാർക്ക് വാങ്ങുകയും ചെയ്തിരുന്നു. 1927 -ൽ മദ്രാസിൽ ചേർന്ന ഓൾ ഇന്ത്യാ മുസ്‌ലിം വിദ്യാഭ്യാസ കോൺഫറൻസിൽ പങ്കെടുക്കാൻ സഭ ഒരു സംഘം പ്രവർത്തകരെ അയച്ചു. മുസ്‌ലിംകളുടെ ആത്മീയ കാര്യം നോക്കാൻ മാത്രമായിരുന്നില്ല, രാഷ്ട്രീയ വിഷയങ്ങളിലും സഭ ഇടപെട്ടിരുന്നു. ഗവൺമെന്റിനോട് സംസാരിക്കാനും അവകാശങ്ങൾ നേടിയെടുക്കാനും സഭ പരിശ്രമിച്ചു. ജന്മി-കുടിയാൻ പ്രശ്നങ്ങൾ വിവരിച്ചുകൊണ്ടും പരിഹാരം ആവശ്യപ്പെട്ടുകൊണ്ടും 1919 ഒക്ടോബറിൽ സഭാ ഭാരവാഹികൾ ഗവർണർക്ക് നിവേദനം നൽകി. സർക്കാർ നിയമനങ്ങളിൽ ആറിൽ ഒന്ന് മുസ്‌ലിംകൾക്ക് നീക്കിവെച്ചത് സഭയുടെ നിവേദനത്തെ തുടർന്നാണ്. മറ്റൊരു പ്രധാന കാര്യം, സഭ മുസ്‌ലിംകൾക്ക് വേണ്ടി മാത്രമല്ല, പ്രദേശത്തെ എല്ലാവർക്കും വേണ്ടിയാണ് നിലകൊണ്ടത്. സഭയുടെ യോഗങ്ങളിൽ അമുസ്‌ലിംകളും പങ്കെടുക്കാറുണ്ടായിരുന്നു, അതും അക്കാലത്ത്. ജനക്ഷേമപരമായ കാര്യങ്ങൾ നടപ്പിലാക്കാൻ ഗവൺമെന്റിനെ സമീപിച്ച് വേണ്ടത് ചെയ്യാനുള്ള നടപടികളും സഭ സ്വീകരിച്ചിരുന്നു. നിശ്ചയദാർഢ്യവും ത്യാഗ സന്നദ്ധതയും ഉള്ളവരായിരുന്നു സഭയുടെ ആദ്യകാല പ്രവർത്തകർ. 'സഭ' മദ്റസ തുടങ്ങാൻ തീരുമാനിച്ചു. കെട്ടിടം പണിയാൻ സ്ഥലം ആവശ്യമാണ്. ഇന്ന് സഭാഹാൾ നിൽക്കുന്ന വിശാലമായ സ്ഥലം കിട്ടും, പക്ഷേ, കാശ് വേണം. 52 രൂപയോ മറ്റോ ആണ് ആവശ്യം. ഉടൻ യോഗം ചേർന്നു. രണ്ട് ക, ഒരു ക, എട്ട് അണ.... അങ്ങനെ സഭാ മെമ്പർമാർ ചേർന്ന് പ്രശ്നം പരിഹരിച്ചു. നൊട്ടിതൊടി മൊയ്തീൻ സാഹിബിന്റേതായിരുന്നു സ്ഥലമെന്നാണ് ഓർമ. ഒരു വലിയ കെട്ടിടമുണ്ടാക്കാൻ സാധ്യമല്ലാതിരുന്നതിനാൽ മദ്രാസിലെ അബ്ദുൽ ഹകീം സാഹിബിനെ സമീപിച്ചു. അദ്ദേഹത്തിന്റെ സഹായത്താൽ ഇന്ന് കാണുന്ന സഭാ ഹാൾ ഉണ്ടായി. 5000 രൂപയായിരുന്നു അന്നതിന് ചെലവ്. ആ കെട്ടിടം അതേപടി ഇന്നും നിലനിൽക്കുന്നു. മഞ്ചേരി മഹല്ലിലെ വഖ്ഫ് സ്വത്തുക്കളിൽ ഭൂരിഭാഗവും മഹല്ലിലെതന്നെ ഉദാരമതികളായ കുടുംബങ്ങളുടേതാണ്. മഞ്ചേരിയിൽ ഒരു യതീംഖാന ഉണ്ടാക്കുന്നതിനെക്കുറിച്ച് മുമ്പ് എം.ഇ.എസ് ചർച്ച ചെയ്തപ്പോൾ സഭാ പ്രവർത്തകർ തന്നെ അതേറ്റെടുത്തു. കെട്ടിടങ്ങൾക്കു പുറമെ വരുമാനത്തിനാവശ്യമായ വഖ്ഫും മഹല്ലിൽനിന്ന് തന്നെ കിട്ടി. സ്ഥാപനം തുടങ്ങും മുമ്പുതന്നെ മാസാന്തവരി സംഖ്യയിലൂടെ ഒരു ഫണ്ടും ഉണ്ടാക്കി.

ബസും യാത്രാ സൗകര്യങ്ങളും വളരെ പരിമിതമായിരുന്ന കാലത്ത് സഭാ പ്രവർത്തകർ കൊടുങ്ങല്ലൂർ, പൊന്നാനി തുടങ്ങിയ സ്ഥലങ്ങളിൽ ദീനീ പ്രവർത്തനങ്ങളിൽ സഹകരിച്ചിരുന്നത് അക്കാലത്തെ വലിയ സംഭവംതന്നെയായിരുന്നു. സഭാ പ്രവർത്തനങ്ങൾ വിപുലമായപ്പോൾ, സൗകര്യത്തിനു വേണ്ടി ഓരോ വിഷയത്തിനും പ്രത്യേക സബ് കമ്മിറ്റികളുണ്ടാക്കി. പള്ളിക്കമ്മിറ്റി ഗ്രന്ഥരചനാ വിഭാഗം, മദ്റസാ കമ്മിറ്റി, റൂൾ കമ്മിറ്റി, എടുപ്പ് കമ്മിറ്റി, ഡെപ്യൂട്ടേഷൻ കമ്മിറ്റി, കച്ചവടക്കമ്മിറ്റി തുടങ്ങിയവയെല്ലാം അങ്ങനെ രൂപീകരിക്കപ്പെട്ടവയാണ്.

ആദ്യഘട്ടത്തിൽ മഹല്ലിന് പ്രത്യേക കമ്മിറ്റിയുണ്ടായിരുന്നില്ല. ഹിദായത്തുൽ മുസ്‌ലിമീൻ സഭയുടെ ഭാരവാഹികൾ തന്നെയാണ് പള്ളിയും മദ്റസയും എല്ലാം നടത്തിയിരുന്നത്. പിന്നീട് മഹല്ല് വിപുലമായപ്പോഴാണ് പ്രത്യേക കമ്മിറ്റി രൂപീകരിച്ചത്. മഹല്ലിന്റെ പ്രധാന നായകരായിരുന്ന കൊരമ്പയിൽ ഹൈദ്രു സാഹിബ്, വല്ലാഞ്ചിറ കുഞ്ഞിമോയിൻ ഹാജി, കോർമത്ത് ചെറിയ അലവിക്കുട്ടി, എം.പി മൊയ്തീൻ കുട്ടി കുരിക്കൾ തുടങ്ങിയവരുടെ നിര്യാണത്തിനു ശേഷം 1971-ൽ ഹിദായത്തുൽ മുസ്‌ലിമീൻ യതീംഖാന സംഘം രൂപീകരിച്ചു. തയീംഖാനക്കു കീഴിൽ ഇപ്പോൾ ഹയർ സെക്കന്ററി സ്കൂൾ ആർട്സ് ആന്റ് സയൻസ് കോളേജ്, ഐ.ടി.സി പ്രവർത്തിക്കുന്നുണ്ട്. മഹല്ലിന്റെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കാണാനും പ്രവർത്തനങ്ങൾക്കു മേൽനോട്ടം വഹിക്കാനും വേണ്ടി 'മഞ്ചേരി സെൻട്രൽ ജുമാ മസ്ജിദ് കമ്മിറ്റി' എന്ന പേരിൽ പ്രത്യേക കമ്മിറ്റി ഉണ്ടായത് 1972-ലാണ്.

മഞ്ചേരി പള്ളിയിലെ ആദ്യത്തെ ഖാദി മുസ്ല്യാരകത്ത് അബ്ദുല്ലക്കുട്ടി മുസ്‌ലിയാരായിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ മകൻ അബ്ദുർറഹ്മാൻ മുസ്‌ലിയാരും പിന്നീട് അദ്ദേഹത്തിന്റെ അനുജൻ അബ്ദുല്ല മുസ്‌ലിയാരും ഖാദിമാരായി. പിന്നീട് യഥാക്രമം ഓവുങ്ങൽ ചെറിയ അബ്ദുർറഹ്മാൻ മുസ്‌ലിയാർ, മകൻ ഒ. മുഹമ്മദ് കുട്ടി മുസ്‌ലിയാർ എന്നിവർ ഖാദിമാരായി. ■

sadarvzkd@yahoo.co.in

**അടുത്ത ലക്കത്തിൽ**

**സംഘടിത സകാത്തും**
**മലയാള ഖുത്ബയും**